## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1499

31.10.2019-ൽ മറുപടിക്ക്

### വള്ളങ്ങൾക്ക് ലഭിക്കുന്ന നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. കെ. സി. മമ്മത് കോയ:** | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് തകർന്നു പോകുന്ന വള്ളങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന നഷ്ടപരിഹാര തുക തീരെ അപര്യാപ്തമായതിനാൽ ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് തകർന്നു പോകുന്ന വള്ളങ്ങൾക്ക് ജില്ലാ കളക്ടറുടെ SDRF ൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കി വരുന്നുണ്ട്. ആയതിനു പുറമേ പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനയാനങ്ങൾ പൂർണ്ണമായോ ഭാഗീകമായോ തകർന്നാൽ നഷ്ടപരിഹാരമായി 'മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ' എന്ന പദ്ധതി 2018 മുതൽ നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 647 മത്സ്യത്തൊഴിലാളികൾ (വള്ളങ്ങൾ) ഗുണഭോക്താക്കൾ ആകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ 90 % പ്രീമിയവും സർക്കാരാണ് വഹിക്കുന്നത്. ടി പദ്ധതിയിൽ അംഗമായവരിൽ നഷ്ടം സംഭവിച്ചവർക്ക് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകി വരികയാണ്. നടപ്പ് സാമ്പത്തിക വർഷം യാനത്തിനു പുറമേ എഞ്ചിനും കൂടി ഇൻഷ്വറൻസ് കവറേജ് ലഭ്യമാകത്തക്കവിധത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയാണ് ഈയിനത്തിൽ വകകൊള്ളിച്ചിട്ടുള്ളത്.<br>ഇതു കൂടാതെ പ്രകൃതിക്ഷോഭം മൂലം (ഓഖി പോലുള്ള ദുരന്തങ്ങളിൽപ്പെടുന്നവർ) നഷ്ടം സംഭവിക്കുന്ന യാനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ